

നീതിക്ക് നിലനിൽപിന്
യുവതയുടെ സമരസാക്ഷ്യം

# നീതിക്ക് സാക്ഷികളാവുക

**അബ്ദുൽ ഹമീദ് വാണിയമ്പലം**
പ്രസിഡന്റ്, സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്

**ലോകം** ഇന്ന് അനീതിയുടെ ഇരുട്ടിലകപ്പെട്ടിരിക്കുന്നു. നീതി നിഷേധിക്കപ്പെട്ടവരുടെ നിലവിളികളാണ് എങ്ങും ഉയരുന്നത്. അനീതിയുടെ സ്രഷ്ടാക്കൾ നീതിയെക്കുറിച്ച് വാചാലമാവുകയും സ്വാതന്ത്ര്യത്തിന്റെ മറവിൽ അടിമത്തം വിൽപന നടത്തുകയും ചെയ്യുന്നു. മനുഷ്യരുടെ മൗലികാവകാശങ്ങൾ ഇത്രയധികം ഹനിക്കപ്പെട്ട കാലം മുമ്പുണ്ടായിട്ടില്ല. നീതിബോധമുള്ള മനുഷ്യർ ഒന്നിച്ചലറേണ്ട സമയമാണിത്.

"അല്ലയോ വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി നേർമാർഗത്തിൽ ഉറച്ചുനിലകൊള്ളുന്നവരും നീതിക്കു സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. ഒരു ജനതയോടുള്ള വിരോധം നിങ്ങളെ നീതിയിൽനിന്ന് വ്യതിചലിപ്പിക്കാൻ പാടില്ലാത്തതാകുന്നു" (*അൽമാഇദ* 8).

ചരിത്രത്തിലെന്നും രണ്ട് കാരണങ്ങളാണ് അനീതി സൃഷ്ടിച്ചത്: ആധിപത്യമോഹവും വംശീയബോധവും. ഇന്ന് ലോകത്തെ അടക്കിഭരിക്കുന്ന സാമ്രാജ്യത്വത്തിന്റെ തത്ത്വശാസ്ത്രം വംശീയതയും മുതലാളിത്തവുമാണ്. ഇന്ത്യൻ ഫാഷിസത്തിന്റെ അടിത്തറയും വംശീയത തന്നെ. ഹിറ്റ്ലറും മുസോളിനിയും ഉയർത്തിപ്പിടിച്ചതും വംശീയവാദമായിരുന്നു. ഈ വംശീയവാദം തന്നെയാണ് ചെകുത്താനും ഉന്നയിച്ചത്. ആദമിന് പ്രണാമം ചെയ്യാനുള്ള ദൈവത്തിന്റെ കൽപനയോട് വംശീയബോധത്തിലാണ് ചെകുത്താൻ പ്രതികരിച്ചത്: 'ഞാൻ അവനേക്കാൾ ശ്രേഷ്ഠനാകുന്നു. നീ എന്നെ അഗ്നിയിൽനിന്നാണ് സൃഷ്ടിച്ചിട്ടുള്ളത്; അവനെ മണ്ണിൽനിന്നും' (*അൽഅഅ്റാഫ്* 12).

ഇവിടെ പിശാചിന്റെ ധാർഷ്ട്യത്തെ പ്രപഞ്ചനാഥൻ പരാജയപ്പെടുത്തിയത് ആദമിന് അറിവ് നൽകിയാണ്: "അല്ലാഹു ആദമിനെ സകല വസ്തുക്കളുടേയും നാമം പഠിപ്പിച്ചു" (*അൽബഖറ* 31)– ജ്ഞാനം നൽകി. അറിവിന്റെ ദർപ്പണത്തിൽ സമഗ്രവും സമ്പൂർണവുമായ ജീവിതദർശനം കൊണ്ട് സകല അനീതികളും ചെറുക്കപ്പെടണം. നീതിനിഷേധത്തിനിരയായ മർദിത സമൂഹത്തെ വിമോചിപ്പിക്കണം. പ്രവാചകൻ നിർവഹിച്ചത് അതാണ്: "അദ്ദേഹം അവരോട് നന്മ കൽപിക്കുന്നു, തിന്മ വിലക്കുന്നു. ശുദ്ധവസ്തുക്കൾ അനുവദിച്ചുകൊടുക്കുന്നു. അശുദ്ധവസ്തുക്കൾ നിരോധിക്കുകയും ചെയ്യുന്നു. അവരെ ഞെരിച്ചുകൊണ്ടിരിക്കുന്ന ഭാരങ്ങൾ ഇറക്കിവെക്കുന്നു. അവരെ വരിഞ്ഞുമുറുക്കിയിരുന്ന ചങ്ങലകൾ പൊട്ടിച്ചെറിയുന്നു" (*അൽഅഅ്റാഫ്* 157). പ്രവാചകന്മാർ ഒക്കെയും ഇത് ചെയ്തു. ഈ പാതയിൽ അണിനിരന്ന് അനീതിയുടെ സ്രഷ്ടാക്കളായ ആധുനിക ഫറോവമാരോട് കലാപം കൂട്ടാനും മനുഷ്യനെ അടിമത്തത്തിൽനിന്ന് വിമോചിപ്പിച്ച് അവർക്ക് ജീവിതം നൽകാനും നാം ഉത്തരവാദപ്പെടുന്നു. "അവൻ ദുർഘടമായ പാത താണ്ടാൻ തയാറായില്ല. ദുർഘടമായ പാത എന്തെന്ന് നിനക്കെന്തറിയാം? കഴുത്തിനെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കുക. അല്ലെങ്കിൽ പട്ടിണിനാളിൽ ബന്ധുവായ അനാഥക്കോ വശംകെട്ട അഗതിക്കോ അന്നം കൊടുക്കുക" (*അൽബലദ്* 11-15).

ഇന്ന് അനീതിയുടെ വഴി അധിനിവേശമാണ്. അത് രണ്ട് മാർഗങ്ങളിലൂടെ കടന്നുവരുന്നു. അടിയറവിന് തയാറല്ലാത്ത ഇച്ഛാശക്തിയുള്ള ജനതയോടും രാജ്യങ്ങളോടും സാമ്രാജ്യത്വശക്തികൾ കൊലവിളി നടത്തുന്നു. കീഴടങ്ങാത്തവരെ നിഷ്ഠുരമായി കൊന്നൊടുക്കുന്നു. ഇറാഖിലും അഫ്ഗാനിലും ഫലസ്ത്വീനിലും ലബനാനിലും അതാണ് സംഭവിച്ചത്. ഇതിനായി ഭീകരത എന്ന ആശയം അമേരിക്ക നിർമിച്ചെടുക്കുകയും അതിന്റെ മറവിൽ രാഷ്ട്രങ്ങളുടെ വിഭവങ്ങൾ കൊള്ള നടത്തുകയും സ്വാതന്ത്ര്യംതന്നെ കവർന്നെടുക്കുകയും ചെയ്യുന്നു. കീഴടങ്ങാൻ തയാറുള്ള രാഷ്ട്രങ്ങളിലും സമൂഹങ്ങളിലും 'കാപിറ്റൽ ടെററിസ' ത്തിലൂടെ കടന്നുവന്ന് അടിമത്തം അരക്കിട്ടുറപ്പിക്കുന്നു. ഇന്ത്യ ഇവിടെയാണ് വീണ്ടും കോളനിവത്കരിക്കപ്പെടുന്നത്. കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മനുഷ്യന്റെ മൗലികാവകാശങ്ങൾക്ക് വില നിശ്ചയിച്ച് സാധാരണക്കാരന് അപ്രാപ്യമാക്കുന്നു. 'അവരിലെ ധനികരിൽനിന്ന് ശേഖരിച്ച് ദരിദ്രർക്കിടയിൽ വിതരണംചെയ്യുക' എന്ന ഇസ്‌ലാമിന്റെ സുന്ദര ആശയത്തെ മുതലാളിത്തം തലകുത്തി നിർത്തിയിരിക്കുന്നു. ധനികരിൽനിന്ന് ദരിദ്രരിലേക്ക് എന്നല്ല, ദരിദ്രന്റേതുകൂടി ഊറ്റിക്കുടിക്കാൻ ധനികന് അവസരമുണ്ടാക്കുക എന്നതാണത്.

ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രം തങ്ങളുടെ അഭിവൃദ്ധിക്കും വികസനത്തിനും വേണ്ടി സാധാരണക്കാരന് അനുവദിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും വെട്ടിക്കുറക്കുകയോ നിർത്തലാക്കുകയോ വേണമെന്നാണ് മൂലധന താൽപര്യം. എന്നാൽ സ്വദേശത്തും വിദേശത്തുമുള്ള

കുത്തകകൾ കുടിയിരുത്തപ്പെടുന്ന സ്പെഷ്യൽ എക്കണോമിക് സോണുകളിൽ വെള്ളവും വൈദ്യുതിയും വെറുതെ കൊടുക്കണം. നികുതിയിളവും അനുവദിക്കണം. വനനിയമം അനുവദിക്കാത്തതുകൊണ്ട് ആദിവാസിക്ക് ഒരു തുണ്ട് ഭൂമിപോലും കൊടുക്കരുത്. എന്നാൽ ടാറ്റാ ടീ കമ്പനിപോലുള്ള കുത്തകകൾക്ക് ഏക്കർ കണക്കിന് ഭൂമി സ്വന്തമാക്കാം. സാധാരണക്കാരന്റെ ജീവിതം തകർത്തിട്ടാണെങ്കിലും സമ്പന്നന് സുഖിച്ച് ജീവിക്കാൻ വികസനം വേണം. പണവും സൗകര്യവും കുത്തകകൾക്കുചുറ്റും തമ്പടിച്ചുകൂടുന്ന ഈ മുതലാളിത്ത സമ്പദ്‌വ്യവസ്ഥ ഇന്നത്തെ അനീതിയുടെ പ്രതിരൂപമാണ്. സാധാരണക്കാരന്റെ അവകാശമാണ് സമ്പന്നൻ കൈയടക്കിവെച്ചിരിക്കുന്നത്. ഇതംഗീകരിച്ചുകൊടുക്കാൻ ഇസ്‌ലാം നമുക്കനുവാദം തരുന്നില്ല: "അതു നിങ്ങളിലുള്ള സമ്പന്നരിൽ മാത്രമായി കറങ്ങാതിരിക്കേണ്ടതിന്" (*അൽ ഹശ്ർ* 7). "അവരുടെ മുതലുകളിലോ ചോദിക്കുന്നവന്നും ആശ്രയമറ്റവന്നും അവകാശമുണ്ടായിരുന്നു" (*അദ്ദാരിയാത്ത്* 19).

ജാതിയും മതവും ഇന്ന് നീതിയുടെ മാനദണ്ഡങ്ങളാകുന്നു. ലെറ്റർ ബോംബ് പ്രശ്നത്തിൽ നിരപരാധിയായ മുഹ്സിൻ ഭീകരവാദിയും യഥാർഥ പ്രതിയായ രാജീവ് എന്ന ശർമ മനോരോഗിയുമായിത്തീരുന്നത് അങ്ങനെയാണ്. ഭീകരവാദ സംഘടനകളുമായി ബന്ധമില്ലെങ്കിലും അഫ്സൽ ഗുരു തൂക്കിലേറ്റപ്പെടണമത്രെ. കുറ്റം തെളിയിക്കപ്പെട്ടിട്ടില്ലെങ്കിലും അബ്ദുന്നാസിർ മഅ്ദനി ജയിൽമോചിതനായിക്കൂടാ. നീതിനിഷേധത്തിന്റെ ഈ സങ്കുചിത ബോധം പ്രതിരോധിക്കപ്പെടണം. "ഒരു ജനത്തോടുള്ള വിരോധം നിങ്ങളെ നീതിയിൽനിന്ന് വ്യതിചലിപ്പിക്കാൻ പാടില്ലാത്തതാകുന്നു. നീതിപാലിക്കുവിൻ, അതാണ് ദൈവഭക്തിയോട് ഏറ്റം അനുയോജ്യമായിട്ടുള്ളത്" (*അൽമാഇദ* 8)

സോളിഡാരിറ്റി മൂന്നു വർഷമായി നിർവഹിച്ചുകൊണ്ടിരിക്കുന്നത് ഇതാണ്. കേരളത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന അവകാശപോരാട്ടങ്ങളിലുള്ള സോളിഡാരിറ്റിയുടെ പങ്കാളിത്തം സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടപ്പാടാണ്. മരണാനന്തര ജീവിതത്തിലെ പ്രതിഫലം അതിന്റെ പ്രചോദനവുമാണ്. 'നീതിക്ക് നിലനിൽപിന് യുവതയുടെ സമരസാക്ഷ്യം' എന്ന പ്രമേയത്തിൽ സോളിഡാരിറ്റി നടത്തുന്ന ജില്ലാ സമ്മേളനങ്ങളുടെ വിജയത്തിന് നീതിബോധമുള്ള മുഴുവൻ ജനതയുടെയും സഹകരണം പ്രതീക്ഷിക്കുന്നു. സ്രഷ്ടാവ് അനുഗ്രഹിക്കുമാറാകട്ടെ. ■